കേന്ദ്രങ്ങളും വികസനപദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 10 ഗ്രാമീണവൈദ്യ സഹായ കേന്ദ്രങ്ങളും കൂടി തുടങ്ങുവാൻ 22.2.79-ൽ ടി വകുപ്പിൽ നിന്നും ഉത്തരവായിട്ടുണ്ട്.

(സി) (1) വിഴിഞ്ഞം പ്രാഥമികാരോഗ്യ കേന്ദ്രം: ഈ കേന്ദ്രത്തിൽ ഇപ്പോഴും 6 കിടക്കകളുടെ മാത്രമേ അനുമതിയുള്ളൂ. ഇതിനോടനുബന്ധിച്ച് ഒരു പ്രസവവാർഡും ഫാമിലി പ്ലാനിംഗ് ക്ലിനിക്കും കൂടി നിർമ്മിക്കുന്നതിനു സർക്കാർ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(2) പൂവ്വാർ പ്രാഥമികാരോഗ്യ കേന്ദ്രം: ഈ കേന്ദ്രത്തിൽ 16 കിടക്കകളുടെ അനുമതിയുണ്ട്. 30 കിടക്കകളുള്ള ഒരു റൂറൽ ഡിസ്പെൻസറിയാക്കി ഈ കേന്ദ്രത്തെ ഉയർത്തുന്ന കാര്യം പരിഗണനയിലാണ്.

(3) പുല്ലുവിള പ്രാഥമികാരോഗ്യകേന്ദ്രം: ഇവിടെ ഇപ്പോൾ 10 കിടക്കകളുടെ മാത്രമേ അനുമതിയുള്ളൂ. ഈ സെൻറിന്റെ വികസനത്തിന് ഇപ്പോൾ പദ്ധതിയൊന്നുമില്ല.

## ആയുർവേദ ഡിസ്പെൻസറി ജീവനക്കാരുടെ നിവേദനം

1210 [1935] ശ്രീ. എം. കെ. കേശവൻ:

,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി അറൻഡേഴ്സ്, നേഴ്സിംഗ് അസിസ്റ്റൻഡ്, ഫോർത്ത് ഗ്രേഡ് എംപ്ലോയീസ് അസോസിയേഷൻ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഗവൺമെൻറിനു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാം?

### ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഉത്തരവനുസരിച്ച് ഈ ഡിസ്പെൻസറിലെ നഴ്സിംഗ് അസിസ്റ്റൻഡ്, ഫാർമസി അറൻഡർ, ഹോസ്പിറ്റൽ സർവൻസ് എന്നിവരെ നഴ്സുമാരായി പ്രൊമോട്ടു ചെയ്യുന്നതിനു വേണ്ട ട്രെയിനിംഗ് കൊടുത്ത് മേൽനടപടി സ്വീകരിക്കുക, (2) ഹെൽത്ത് സർവ്വീസസ് ഡിസ്പെൻസറിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദിക്കുന്നതുപോലെ വീക്കിലി ഓഫ് ഈ ഡിസ്പെൻസറിലെ ജീവനക്കാർക്കും അനുവദിക്കുക. (3) മലപ്പുറം ജില്ലാ ആഫീസ് രൂപീകൃതമായതേടുകൂടി ടി ജില്ലയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും ഓപ്ഷൻ വാങ്ങാനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് ആവശ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly